ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്ന 2011-12 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ കൃഷി ഡയറക്ടർ മുഖേന വിവിധ കേന്ദ്ര പദ്ധതികൾക്കായി കേന്ദ്ര വിഹിതമായി ലഭിച്ച തുകയും അതാത് സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന വിഹിതം ഉൾപ്പെടെ കേന്ദ്ര പദ്ധതികൾക്കായി വിനിയോഗിച്ച തുകയുടെയും സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ, ദേശീയ ഔഷധ സസ്യമിഷൻ എന്നീ പദ്ധതികൾക്കായി കേന്ദ്രവിഹിതമായി ലഭിച്ച തുകയും അതാത് സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന വിഹിതം ഉൾപ്പെടെ കേന്ദ്ര പദ്ധതികൾക്കായി വിനിയോഗിച്ച തുകയുടെയും വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

181 (3387) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;

(ബി) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ പ്രകാരം എത്ര രൂപ ചെലവഴിച്ചു വിശദാംശം വ്യക്തമാക്കുമോ;

(സി) വിവിധ പദ്ധതികൾ മുഖേന വൻതുക ചെലവഴിച്ചിട്ടും നെല്ലുല്പാദനത്തിൽ വർദ്ധനവ് വരാത്തത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കൃഷിവകുപ്പ് മുഖാന്തരം താഴെപ്പറയുന്ന നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സുസ്ഥിര നെൽകൃഷി വികസനം: നെൽകൃഷി കൂടുതൽ ലാഭകരമാക്കുന്നതിനും ഉൽപാദന ചെലവ് ഗണ്യമായി കുറയ്ക്കുന്നതിനുമായി 2015-16 വർഷം 2700 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിലും 8100 ലക്ഷം രൂപ ആർ.കെ.വി.വൈ. ഫണ്ടിലും ഉൾപ്പെടുത്തി ആകെ 10800 ലക്ഷം രൂപ സബ്സിഡി നൽകി 180000 ഹെക്ടറിൽ (ഒരു ഹെക്ടറിന് 6,000 രൂപ സബ്സിഡി നിരക്കിൽ) പദ്ധതി നടപ്പിലാക്കി വരുന്നു.

വികസന ഏജൻസികൾക്കുള്ള ഫണ്ട് : നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്ക് ആകെ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം: ആകെ 6 ജില്ലകളിലായി പൊക്കാളി, ഞവര, ബസുമതി, ജീരകശാല, ഗന്ധകശാല എന്നിവ കൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 10,000/- രൂപ സബ്സിഡി നൽകി 1000 ഹെക്ടർ സ്ഥലത്ത് 100 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം: ഗ്രൂപ്പ് ഫാമിംഗ് പാടശേഖരങ്ങളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 200 രൂപ നിരക്കിൽ നൽകിവരുന്നുണ്ട്. ഈ ഇനത്തിൽ 166000 ഹെക്ടറിലേക്ക് 332 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

തരിശുനില നെൽകൃഷി വികസനം (ആർ.കെ.വി.വൈ): തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനായി 2000 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 7500 രൂപ സബ്സിഡി നിരക്കിൽ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

ആർ.കെ.വി.വൈ. പൊക്കാളി നെൽകൃഷി വികസന പദ്ധതി: 89.248 ഹെക്ടർ പൊക്കാളി നെൽകൃഷി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്നതിനായി 8.9248 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

നെൽ കർഷകർക്ക് ഹെക്ടറിന് 1,000 രൂപ തോതിൽ ഉൽപാദന ബോണസ് നൽകുന്നതിനായി 1243.44 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) 2011-12 മുതൽ 2014-15 വരെ സംസ്ഥാനാവിഷ്കൃത പദ്ധതികൾ പ്രകാരം ചെലവഴിച്ച തുക:

നമ്പർ	വർഷം	ചെലവാക്കിയ തുക (ലക്ഷത്തിൽ)
1	2011-12	3454.51
2	2012-13	4679.60
3	2013-14	4177.34
4	2014-15	3313.51
5	2015-16	പദ്ധതികൾ നടപ്പിലാക്കി വരുന്നു.

2011-12 മുതൽ 2014-15 വരെ കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരം ചെലവഴിച്ച തുക:

നമ്പർ	വർഷം	ചെലവഴിച്ച തുക (ലക്ഷത്തിൽ)
1	2011-12	873.874
2	2012-13	4883.377
3	2013-14	7063.13
4	2014-15	5914.814
5	2015-16	പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(സി) നെൽവയലുകൾ മാറ്റാവശ്യങ്ങൾക്കായി നികത്തുന്നതിനാൽ ഓരോ വർഷവും നെൽകൃഷിയുടെ വിസ്തൃതി കുറഞ്ഞ് വരുന്നുണ്ട്. എന്നാൽ നെൽവയലുകളുടെ വിസ്തൃതിയുടെ കുറവ് മുന്നിൽ കണ്ടുകൊണ്ട് നെൽകർഷകർക്ക് സബ്സിഡി നൽകി വിവിധ നെൽകൃഷി വികസന പദ്ധതികൾ- മെച്ചപ്പെട്ട സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നടപ്പിലാക്കുകയും അതുവഴി ഉൽപാദനം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. 2010-11-ൽ 522740 മെ.ടൺ ഉൽപ്പാദനം അയിരുന്നത് 2011-12 വർഷം 568993 മെ.ടൺ ആയി ഉയർന്നു. ആയതിനാൽ 2011-12 വർഷം, മുൻ വർഷത്തേക്കാൾ 46253 മെ.ടൺ നെല്ല് അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുകയുണ്ടായി. 2012-13-ൽ ഉൽപ്പാദനം 508299 മെ.ടൺ ആയിരുന്നത് 2013-14-ൽ 564325 മെ.ടൺ ആയി വർദ്ധിക്കുകയുണ്ടായി. ഇത്തരത്തിൽ 2013-14 വർഷം മുൻ വർഷത്തേക്കാൾ 56026 മെ.ടൺ നെല്ല് അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഉൽപ്പാദനക്ഷമത 2010-11-ൽ 2452 കി.ഗ്രാം ആയിരുന്നത് 2011-12-ൽ 2733 കി.ഗ്രാം ആയും 2012-13-ൽ 2577 കി.ഗ്രാം ആയിരുന്നത് 2013-14 വർഷം 2827 കി.ഗ്രാമായും ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly